**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1106** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാലാ ആർ.ഡി.ഒ.ഓഫീസ് കോംപ്ലക്സ് നിർമാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പാലാ ആർ.ഡി.ഒ. ഓഫീസ് കോംപ്ലക്സ് നിർമാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പാലാ റവന്യൂ ഡിവിഷണൽ കോംപ്ളക്സ് നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം പാലാ സബ് ജയിലുമായി മതിയായ അകലം പാലിക്കാത്തതിനാൽ ടി വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായുള്ള ഭരണാനുമതി സർക്കാർ റദ്ദ് ചെയ്തിരുന്നതാണ്. തുടർന്ന് ജയിൽ വകുപ്പിൽ നിന്നും എൻ.ഒ.സി നിലവിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പരിശോധിച്ചു വരികയാണ്.

**(ബി)** പ്രസ്തുത ഓഫീസ് കോംപ്ലക്സ് നിർമാണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** പാലാ റവന്യൂ ഡിവിഷണൽ കോംപ്ളക്സ് നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം പാലാ സബ് ജയിലുമായി മതിയായ അകലം പാലിക്കാത്തതിനാൽ ടി വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായുള്ള ഭരണാനുമതി സർക്കാർ റദ്ദ് ചെയ്തിരുന്നതാണ്. തുടർന്ന് ജയിൽ വകുപ്പിൽ നിന്നും എൻ.ഒ.സി നിലവിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**